# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2820 14/02/2013 ൽ മറുപടിയ്ക്ക്

**പട്ടികജാതി പിന്നോക്ക വിഭാഗ വിദ്യാർത്ഥികളുടെ**

**വിദ്യാഭ്യാസ ആനുകൂല്യങ്ങൾ**

| | ചോദ്യം<br>ശ്രീ. എ.കെ.ബാലൻ | | ഉത്തരം<br>ശ്രീ. എ.പി. അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | അമൃതാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിൽ പഠിക്കുന്ന എസ്.സി, എസ്.ടി, ഒ.ഇ.സി വിദ്യാർത്ഥികൾക്ക് സംസ്ഥാന ഗവൺമെന്റ് അനുവദിച്ചിട്ടുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നൽകുന്നുണ്ടോ; ഇല്ലെങ്കിൽ എന്തു കൊണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | ഇല്ല. 02/07/2009 ലെ ജി.ഒ(പി)നം. 50/2009/പജപവവിവ. സർക്കാർ ഉത്തരവ് പ്രകാരം മെഡിക്കൽ/എഞ്ചിനീ യറിംഗ് വിഭാഗത്തിലുള്ള വിദ്യാർത്ഥി കൾക്ക് എൻട്രൻസ് കമ്മീഷണറുടെ അലോ ട്ട്മെന്റ് ലെറ്റർ പ്രകാരം മെറിറ്റ്/ റിസർവേഷൻ സീറ്റുകളിൽ പ്രവേശനം ലഭിക്കുന്നവർക്കാണ് വിദ്യാഭ്യാസാനു കൂല്യം അനുവദിക്കുന്നത്. അമൃതാ ഇൻസ്റ്റിറ്റ്യൂട്ട് വിദ്യാർത്ഥികളെ നേരിട്ടാണ് തെരെഞ്ഞെടുക്കുന്നത്. ആയതിനാൽ പ്രസ്തുത സ്ഥാപനത്തിൽ പഠിക്കുന്ന എസ്.സി, എസ്.ടി, ഒ.ഇ.സി വിദ്യാർത്ഥികൾക്ക് ഇപ്പോൾ ആനുകൂല്യം അനുവദിക്കുന്നില്ല. |
| (ബി) | പ്രസ്തുത സ്ഥാപനത്തിലെ എസ്.സി, എസ്.ടി, ഒ.ഇ.സി വിദ്യാർത്ഥികൾക്ക് സർക്കാരിന്റെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടെന്ന് ബഹു.കേരളാ ഹൈക്കോടതി വിധി ശ്രദ്ധ യിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത വിധി നടപ്പിലാക്കാൻ സർക്കാർ തയ്യാ റാണോ എന്ന് വ്യക്തമാക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഹൈക്കോടതി വിധിക്കെതിരെ ബഹു: സുപ്രീംകോടതി യിൽ 383/2013 നമ്പരായി SLP ഫയൽ ചെയ്തിട്ടുണ്ട്. |
| (സി) | ഹൈക്കോടതി വിധിക്കെതിരെ സുപ്രീം കോടതിയിൽ അപ്പീൽ നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (സി) | |

സെക്ഷൻ ഓഫീസർ